# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :2204 — 23.03.2012-ൽ മറുപടിയ്ക്ക്

### അധികാരവികേന്ദ്രീകരണം ഫല പ്രദമാക്കുന്നതിനുള്ള നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.വി. വിജയദാസ് | ഡോ: എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യ ക്ഷേമവും വകുപ്പു മന്ത്രി) |
| (എ) പദ്ധതി വിഹിതം 40% വരെ പഞ്ചായത്തുകൾക്ക്കൈമാറി യിട്ടും ഇപ്പോഴും സർക്കാർ നിർബന്ധിക്കുന്ന പദ്ധതികൾ ഏറ്റെടുക്കുന്നതിനാൽ അധി കാരവികേന്ദ്രീകരണപ്രക്രിയ തന്നെ ഇല്ലാതാവുന്ന നടപടി യായി സർക്കാരിന് ബോദ്ധ്യ പ്പെട്ടിട്ടുണ്ടോ; | (എ) പൊതുവായൊരുവികസനകാഴ്ചപ്പാടോ ടെയാണ്സർക്കാർപഞ്ചായത്തുകൾക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നത്. അത് വികസന പ്രവർത്തനങ്ങൾക്ക് ദിശാ ബോധമുണ്ടാക്കാൻ സഹായിക്കുന്ന താണ്. പ്രത്യേക മേഖലയുടെയോ വിഭാഗത്തിന്റെയോ ഉന്നമനത്തിനായാണ് നിർദ്ദേശങ്ങൾനൽകുകയെന്നതുകൊണ്ട് അധികാര വികേന്ദ്രീകരണത്തിന്റെ ആത്യന്തിക ലക്ഷ്യം നിറവേറ്റപ്പെടു കയാണ് ചെയ്യുന്നത്. |
| (ബി) എങ്കിൽ ഇത്തരത്തിലുള്ള സർക്കാർ നിർബന്ധിത പ്രോജക്ടുകളുടെ ആധിക്യം ഇല്ലാതാക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) അനിവാര്യ പ്രോജക്ടുകൾക്ക് ഫണ്ട് വകയിരുത്തുന്നത് ഗ്രാമപഞ്ചായത്തു കളുടെ വികസന പ്രവർത്തനങ്ങളെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) പ്രസ്തുത സാഹചര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ